# കേരള നിയമസഭാ നടപടികൾ

## പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂൺ 26, വ്യാഴം

വാല്യം : 119 ഔദ്യോഗിക റിപ്പോർട്ട് നമ്പർ : 9

നിയമസഭ 2003 ജൂൺ മാസം 26-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ....., ഓർഡർ ..... ചോദ്യം നമ്പർ 241

**സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ**

1 (*241) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീമതി മേഴ്സി രവി :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തിട്ടുള്ളത് ;

(ബി) മറ്റു സഹകരണ സ്ഥാപനങ്ങളിലെ നിയമനം നടത്തുന്നത് എപ്രകാരമാണ് ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ കുറ്റമറ്റതാക്കി തീർക്കുവാൻ എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) സർ,

(എ) 15 അപ്പെക്സ് സഹകരണ ബാങ്കുകളുടെയും, 14 ജില്ലാ സഹകരണ ബാങ്കുകളുടെയും നിയമനങ്ങളാണ് പി.എസ്.സി.ക്ക് വിട്ടുകൊടുത്തിട്ടുള്ളത്. സ്ഥാപനങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† അനുബന്ധം - I



LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റു പ്രാഥമിക വായ്പാ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക വികസന ബാങ്ക് എന്നിവയിലെ ജൂനിയർ ക്ളാർക്കു മുതൽ മുകളിലോട്ട് നേരിട്ട് നിയമനം നടത്തേണ്ട തസ്തികകളിലേക്ക് സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് മുഖേനയാണ് നിയമനം നടത്തുന്നത്. മേൽപറഞ്ഞവയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സംഘങ്ങളിൽ അതാതു ഭരണസമിതികൾ അപേക്ഷ ക്ഷണിച്ച് പരീക്ഷയും ഇന്റർവ്യൂവും നടത്തി നിയമിക്കുന്നു.

(സി) സഹകരണ സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങൾ കുറ്റമറ്റതാക്കി തീർക്കുന്നതിനുവേണ്ടിയാണ് പി.എസ്.സി., സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് എന്നിവയെ നിയമനങ്ങൾക്കായുള്ള പരീക്ഷ നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ അപാകതകൾ സംഭവിച്ചതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, പി.എസ്.സി.ക്കു വിട്ടത് അപ്പക്സ് സംഘങ്ങളുടേയും അതുപോലെ 14 ജില്ലാ സഹകരണ ബാങ്കുകളടക്കമുള്ള സ്ഥാപനങ്ങളിലേയും നിയമനങ്ങളാണെന്ന് പറഞ്ഞു. പി.എസ്.സി. വഴിയുള്ളനിയമനത്തിന് വളരെയേറെ കാലതാമസമെടുക്കുന്നുവെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അങ്ങനെ സഹകരണ ബാങ്കുകൾ അല്ലെങ്കിൽ അപ്പക്സ് ബോഡികളുടേയും ജില്ലാ ബാങ്കുകളുടേയും വേക്കൻസികൾ റിപ്പോർട്ട് ചെയ്ത ശേഷം എത്ര സമയത്തിനുള്ളിൽ ഇവരെ സെലക്ട് ചെയ്യാൻ പി.എസ്.സി. ലിസ്റ്റ് കൊടുക്കണം. അങ്ങനെ വല്ല നിബന്ധനയും സർക്കാർ മുന്നോട്ടു വച്ചിട്ടുണ്ടോ ?

ശ്രീ. എം. വി. രാഘവൻ : സർ, വ്യക്തമായി അങ്ങനെ പി.എസ്.സി.യോട് നിർദ്ദേശിക്കാൻ കഴിയുകയില്ല. ഇപ്പോൾ ജില്ലാ ബാങ്കുകളിലേക്കുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ട്. മറ്റു സ്ഥാപനങ്ങളിലില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, മറ്റ് പ്രൈമറി സംഘങ്ങളിൽ സഹകരണ സെലക്ഷൻ ബോർഡാണ് നിയമനം നടത്തുന്നതെന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പതിനായിരത്തിലധികം വരുന്ന പ്രൈമറി സംഘങ്ങളുടേയും മറ്റ് സ്ഥാപനങ്ങളുടേയും ലിസ്റ്റ് ഉണ്ടാക്കിക്കൊടുക്കാൻ തക്ക ഒരു സംവിധാനം ഈ സെലക്ഷൻ ബോർഡിന് ഉണ്ടെന്ന് ഗവൺമെന്റിന് ബോദ്ധ്യമുണ്ടോ ?

ശ്രീ. എം. വി. രാഘവൻ : സർ, ഇപ്പോൾ അവർ ടെസ്റ്റ് നടത്തി. റാങ്ക് ലിസ്റ്റ് കൊടുക്കുകയാണ് ചെയ്യുന്നത്. ആ ലിസ്റ്റുവച്ച് പ്രൈമറി സംഘങ്ങൾ ഇന്റർവ്യൂ നടത്തുമ്പോൾ അതാതു പ്രദേശത്തുള്ള ആളുകൾക്ക് 20 മാർക്ക് കൊടുക്കും. ആ മാർക്ക് കൂടെ കൂട്ടിയിട്ടാണ് സെലക്ഷൻ നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി : സർ, ജില്ലാ സഹകരണ ബാങ്കുകളുടെയും അപ്പക്സ് സഹകരണ ബാങ്കുകളുടെയും നിയമനം ഇപ്പോൾ പി. എസ്. സിക്ക് വിട്ടിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ ബാങ്കുകൾ ഏതെങ്കിലും വേക്കൻസികൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ നിയമനം എന്ന് നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ശ്രീ. എം. വി. രാഘവൻ : സർ, സാധാരണ ഒഴിവുകൾ പി.എസ്.സിക്ക് അപ്പപ്പോൾ റിപ്പോർട്ട് ചെയ്യും. അതാണ് ഞാൻ പറഞ്ഞത്, ജില്ലാ ബാങ്കിന് ഇപ്പോൾ ലിസ്റ്റുണ്ട്.

ശ്രീ. പി. ജെ. ജോയി : സർ, അർബൻ ബാങ്കുകൾ ഇപ്പോൾ സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് വഴിയാണ് നിയമനം നടത്തുന്നത്. നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒട്ടേറെ അർബൻ ബാങ്കുകളുണ്ട്. അങ്ങനെയുള്ള ബാങ്കുകളിലെ നിയമനങ്ങൾ കൂടി പി.എസ്.സി.ക്ക് വിട്ടുകൊടുക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ശ്രീ. എം. വി. രാഘവൻ : സർ, ഇപ്പോൾ അതിനെപ്പറ്റി ആലോചിക്കുന്നില്ല. കാരണം പ്രൈമറി ബാങ്കുകളിൽ അതാതു സ്ഥലത്ത് പ്രവർത്തിക്കുന്ന അല്ലെങ്കിൽ അതാതു പ്രദേശത്തുള്ള ആളുകൾ വേണമെന്ന് ആഗ്രഹിക്കുകയാണ്. പി.എസ്.സി. ആയാൽ നിയമനം സ്റ്റേറ്റ് വൈഡായിട്ട് വരും. അത് വലിയ ബുദ്ധിമുട്ടുണ്ടാക്കും.

ശ്രീമതി മേഴ്സി രവി : സർ, ഐ.സി.ഡി.പി. പ്രോജക്ടുകൾക്ക് ഏതു തത്വത്തിലാണ് അപ്പോയ്ന്റ്മെന്റ് കൊടുക്കുന്നതെന്ന് അറിയാൻ ആഗ്രഹമുണ്ട്. അത് ഇതിന്റെ പരിധിയിൽ വരുമോ ; അല്ലെങ്കിൽ വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എം. വി. രാഘവൻ : സർ, എൻ.സി.ഡി.സി. രജിസ്ട്രാറും അവിടെയുള്ള ഉദ്യോഗസ്ഥന്മാരും ചേർന്ന് ഇന്റർവ്യൂ നടത്തിയാണ് നിയമിക്കുന്നത്. 5 വർഷത്തേയ്ക്കാണ് നിയമനം.

ശ്രീമതി മേഴ്സി രവി : സർ, സ്വാശ്രയ സംഘങ്ങൾ ഇന്ന് ദേശീയതലത്തിൽ കോ-ഓപ്പറേറ്റീവ് മൂവ്മെന്റിന് പ്രാധാന്യം നൽകുന്ന ഒരു കാലഘട്ടമാണ്. സ്വാശ്രയസംഘങ്ങൾ രൂപീകരിക്കുന്നതിന് നിയമം കൊണ്ടുവരുന്നതിന് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി ?

ശ്രീ. എം. വി. രാഘവൻ : സർ, സ്വാശ്രയ സംഘങ്ങൾ ഇപ്പോൾ നിലവിലില്ല. സ്വാശ്രയസംഘങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നിയമനിർമ്മാണത്തെപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീമതി രാധാ രാഘവൻ : സർ, സഹകരണ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ട ശേഷവും അനധികൃത നിയമനം നടത്തി സർവ്വീസിൽ തുടരുന്ന സംഭവങ്ങൾ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ : സർ, അനധികൃത നിയമനങ്ങൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ നടപടിയെടുക്കാം.

ശ്രീമതി രാധാരാഘവൻ : സർ, വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ആദിവാസികളായ ഉദ്യോഗാർത്ഥികൾക്ക് സഹകരണ സ്ഥാപനങ്ങളിൽ നിയമനങ്ങൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; ഇപ്പോൾ ആദിവാസികൾക്ക് നിയമനത്തിൽ സംവരണമുണ്ടോ ?

ശ്രീ. എം. വി. രാഘവൻ : സർ, ആദിവാസികൾക്ക് സംവരണമുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, നിയമനങ്ങൾ പൂർണ്ണമായി പി.എസ്.സി.ക്ക് വിട്ട സ്ഥാപനങ്ങളിലൊന്നാണ് സംസ്ഥാന സഹകരണ ബാങ്ക്. എന്നാൽ സംസ്ഥാന സഹകരണ ബാങ്കിലെ ചില പോസ്റ്റുകൾ പി.എസ്.സി. വഴി അല്ലാതെ നിയമിക്കുന്നതിനുള്ള നീക്കം ആരംഭിച്ചിരിക്കുകയാണ്. "സംസ്ഥാന സഹകരണ ബാങ്കുകളിൽ ചില തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് ബാങ്കിന്റെ പേരു വയ്ക്കാതെ 5.4.2003-ലെ മാതൃഭൂമി പത്രത്തിൽ അപേക്ഷ ക്ഷണിച്ചുകൊണ്ട് പരസ്യം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ" എന്ന 19-ാം തീയതിയിലെ 112-ാമത്തെ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് 'ഉണ്ട്' എന്നാണ് മന്ത്രിയുടെ ഉത്തരം.മാതൃഭൂമി പത്രത്തിൽ വാച്ച്മാൻ, സെക്യൂരിറ്റി ഗാർഡ്, ഗസ്റ്റ് ഹൗസ് അറ്റൻഡന്റ്, പ്യൂൺ, അറ്റൻഡർ എന്നീ തസ്തികകളിലേക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. ഗവൺമെന്റ് തീരുമാനത്തിനു വിരുദ്ധമായി സംസ്ഥാന സഹകരണ ബാങ്ക് ചെയ്ത നടപടിക്ക് മന്ത്രി, നിയമസഭയിൽ ഉത്തരവും നൽകിയതിനുശേഷം ഇത് റദ്ദാക്കുന്നതിനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എം. വി. രാഘവൻ : സർ, പി.എസ്.സി.ക്ക് വിട്ടതൊഴികെയുള്ളതാണ് അവർ പരസ്യപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. കെ. ബാബു : സർ, നിയമനം പി.എസ്.സി.ക്കു വിട്ട സ്ഥാപനങ്ങളിലെ ഒഴിവുകൾ അതാതു സമയത്ത് പി.എസ്.സി.യെ അറിയിക്കാൻ പലപ്പോഴും വീഴ്ച വരുത്തുന്നുണ്ട്. ആന്റണി ഗവൺമെന്റാണ് നിയമനം പി.എസ്.സി.ക്ക് വിടാൻ തീരുമാനിച്ചത്. പക്ഷെ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ആ തീരുമാനം വളരെ വൈകിയാണ് പി.എസ്.സി.യെ അറിയിച്ചത്. വളരെ കാലതാമസം ഉണ്ടാക്കി. നാലു വർഷക്കാലമെടുത്തു. ഇത് ആവർത്തിക്കാതിരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വി. രാഘവൻ : സർ, അതാതു സമയത്ത് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്നാണ് വ്യവസ്ഥ. അതിൽ വീഴ്ചവരുത്തിയിട്ടുണ്ടെങ്കിൽ പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ : സർ, യഥാർത്ഥത്തിൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഉൾപ്പെടെയുള്ള അപ്പക്സ് സ്ഥാപനങ്ങളിലും ബാങ്കുകളിലും നിയമനം സമ്പൂർണ്ണമായി പി.എസ്.സി.ക്ക് വിട്ടു എന്നാണ് മന്ത്രി മറുപടി പറഞ്ഞത്. പ്യൂൺ നിയമനം എല്ലാ ജില്ലകളിലും ജില്ലാ ബാങ്കുകളിൽ പി.എസ്.സി. വഴിയാണ് നടക്കുന്നത്. അങ്ങനെ പി.എസ്.സി. വഴി നടക്കുന്ന നിയമനങ്ങളെ, നയപരമായ ആ നിലപാടിനെ മറികടന്നുകൊണ്ട് പാർശ്വവർത്തികളെയും സ്വന്തക്കാരെയും തിരുകികയറ്റാൻ വേണ്ടിയല്ലേ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഇത്തരം ഒരു അഡ്വർടൈസ്മെന്റ് കൊടുത്തിരിക്കുന്നത് ?

ശ്രീ. എം. വി. രാഘവൻ : പാർശ്വവർത്തികിളെ തിരുകികയറ്റുന്നതാണെങ്കിൽ അത് പണ്ടും നടത്തിയിട്ടുണ്ട്. പി.എസ്.സി.-ക്ക് വിട്ട തസ്തികകളിൽ ഇല്ലാത്തതാണ് ഗസ്റ്റ് റൂം അറ്റന്റർ, അതാണ് അവർ കൊടുത്തത്. കൊടുത്തതിനെപ്പറ്റി അന്വേഷിക്കാം. പാർശ്വവർത്തികൾ എന്ന വാചകം നമ്മൾ പണ്ടേ പഠിച്ചുവച്ചതാണ്.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, സഹകരണ മേഖലയിലെ ഏറ്റവും അനാരോഗ്യകരമായ പ്രവണതയാണ് നിയമന രീതി. പലപ്പോഴും യാതൊരു ക്വാളിഫിക്കേഷനുമില്ലാത്ത, ബിസിനസ് മാനേജ്മെന്റുമായി ബന്ധമില്ലാത്ത ആളുകളെയാണ് നിയമിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചതുപോലെ, അർബൻ ബാങ്കുകൾ പോലെയുള്ള ഉയർന്ന ബാങ്കുകളിൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള, എം.ബി.എ യോഗ്യതയുള്ളവരെ മാനേജർ തസ്തികകളിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വി. രാഘവൻ : തീർച്ചയായും അത് ആലോചിക്കാവുന്നതാണ്. ഇപ്പോൾത്തന്നെ അതിന് വ്യവസ്ഥയുണ്ട്. മാനേജർ കാറ്റഗറിയിൽ എം.ബി.എ. ഉള്ളവരെ നിയമിക്കാൻ വ്യവസ്ഥയുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ ഏകദേശം 30 ശതമാനത്തോളം ഡിവിഡന്റ് നൽകിയ പെരിന്തൽമണ്ണയിലെ ഇ.എം.എസ്. മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുകയാണ്. ഈ സ്ഥാപനത്തിലേയ്ക്ക് നിയമനം നടത്തുന്നതിനുവേണ്ടി അപ്രൂവൽ കിട്ടിയിട്ടില്ല. അത് പരിശോധിച്ച് വളരെപെട്ടെന്നുതന്നെ അപ്രൂവൽ തരാനുള്ള നിർദ്ദേശം നൽകുമോ ?

മി. സ്പീക്കർ : ഇത് പ്രത്യേകമല്ലാതെ ചോദിച്ചാൽ മന്ത്രിക്ക് മറുപടിപറയുവാൻ കഴിയുമോ ?

ശ്രീ. മഞ്ഞളാംകുഴി അലി : മന്ത്രിക്ക് അറിയാവുന്ന കാര്യമാണ്.

മി. സ്പീക്കർ : അറിയാമെങ്കിൽ പറയട്ടെ.

ശ്രീ. എം. വി. രാഘവൻ : അതു പരിശോധിക്കാം. വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു ആശുപത്രിയാണത്.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, വർഷങ്ങളായി ആഡിറ്റിംഗിൽ നഷ്ടത്തിലാണെന്ന് കണ്ടെത്തിയിട്ടുള്ള പല സഹകരണ സ്ഥാപനങ്ങളിലും ഇപ്പോൾ ക്ളറിക്കൽ പോസ്റ്റ് ഇല്ലാതെ അറ്റൻഡർ, പ്യൂൺ എന്നീ പോസ്റ്റുകളിൽ നിയമനം നടത്തി ഡിപ്പാർട്ടുമെന്റിനെപ്പോലും കബളിപ്പിച്ചുകൊണ്ട് ആ സ്ഥാപനങ്ങൾ വീണ്ടും നഷ്ടത്തിൽനിന്ന് നഷ്ടത്തിലേക്ക് പോകുന്ന സ്ഥിതി ഉണ്ടാവുകയാണ്. ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ഇത്തരം കേസ്സുകൾ, ആഡിറ്റിംഗിൽ നഷ്ടമുള്ള സ്ഥാപനങ്ങളിൽ നിയമനം നടത്താൻ പാടില്ല എന്ന് നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. എം. വി. രാഘവൻ : നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിയമനം നടത്താൻ പാടില്ല എന്ന് ഇപ്പോൾതന്നെ വ്യവസ്ഥയുണ്ട്. അതുകൊണ്ട് ഗവൺമെന്റ് അങ്ങനെ നിർദ്ദേശം കൊടുക്കാറുമില്ല. അപൂർവ്വം ചില സ്ഥലങ്ങളിൽ അങ്ങനെ നടക്കുന്നുണ്ടാവാം. അതു ചൂണ്ടിക്കാണിച്ചാൽ പരിശോധിക്കാം.

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട മന്ത്രി 19-6-2003-ൽ നല്കിയ മറുപടിയിൽ സംസ്ഥാന സഹകരണ ബാങ്കിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ചില തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് താൽക്കാലികമായി പ്രൊമോഷൻ നൽകി നിയമിച്ചിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് പ്രൊമോഷൻ നൽകി നിയമിക്കാൻ ഒരു സാഹചര്യത്തിലും സഹകരണ വകുപ്പിന് അധികാരമില്ല. ഇതു ക്രമവിരുദ്ധവും നിയമവിരുദ്ധവുമാണ്. ഈ കാര്യത്തിൽ മന്ത്രിയുടെ വിശദീകരണം എന്താണ് ?

ശ്രീ. എം. വി. രാഘവൻ : താൽക്കാലികമായി പ്രൊമോഷൻ നടന്നിട്ടുണ്ട്. എല്ലാ യൂണിയനുകളും അതിനുവേണ്ടിയാണ് പ്രക്ഷോഭം കൂട്ടുന്നത്. അവർ ആരും പുറത്തു പറയുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ ഡിപ്പാർട്ടുമെന്റിനെയും ഗവൺമെന്റിനെയും കബളിപ്പിച്ചുകൊണ്ട് സഹകരണ സംഘങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ഒരു നടപടിക്രമം, നേരത്തെ പറഞ്ഞതുപോലെ താഴെതലത്തിലെ തസ്തികകളിൽ താൽക്കാലികമായി നിയമനം നടത്തിയതിനു ശേഷം പതുക്കെ പ്രൊമോഷൻ കൊടുക്കുക. ഡിപ്പാർട്ടുമെന്റോ ഗവൺമെന്റോ ഇത് അറിയില്ല. സ്വാധീനമുള്ള സഹകരണ സംഘങ്ങൾ ഇതുപോലുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള നിലപാടിനെതിരെ കർക്കശമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ ?

ശ്രീ. എം. വി. രാഘവൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അതു തടയാൻ ശ്രമിക്കുകയാണ്. എല്ലാപേരും അതിനെ ശുപാർശ ചെയ്യുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ : സർ, വ്യത്യസ്ത സ്വഭാവമുള്ള സഹകരണ സംഘങ്ങളുണ്ട്. സഹകരണ സംഘങ്ങൾ ഒരേ തസ്തികയ്ക്ക്തന്നെ വ്യത്യസ്തമായ ശമ്പളമാണ് നൽകുന്നത്. ഇത് ഏകീകരിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളിലും ഒരേ തസ്തികയിലുള്ളവർക്ക് ഒരേ രീതിയിലുള്ള ശമ്പളം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വി. രാഘവൻ : സഹകരണ സംഘങ്ങളെ കാറ്റഗറൈസ് ചെയ്തിട്ടുണ്ട് ഓരോ കാറ്റഗറിയിലുമുള്ള സംഘങ്ങൾക്ക് അതിന്റെ അടിസ്ഥാനത്തിൽ ശമ്പളം ഗവൺമെന്റ് നിശ്ചയിക്കുകയാണ്.. ആ ശമ്പളം കൊടുക്കുവാൻ പല സ്ഥാപനങ്ങൾക്കും കഴിയാത്ത സ്ഥിതിയാണ്.

ശ്രീ. പി. ടി. തോമസ് : സർ, താഴെ തട്ടിലുള്ള അഴിമതി പ്രാഥമിക സംഘങ്ങളിലെ നിയമനത്തിൽപ്പോലും വളരെ പ്രകടമാണ്. 90 ശതമാനം ബാങ്കുകളും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന, feeder കാറ്റഗറിയിലുള്ളതുപോലും അതിൽ വ്യാപകമായ ക്രമക്കേട് നടക്കുന്നുണ്ട്. അതുകൊണ്ട് കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾ പി.എസ്.സി.ക്ക് വിടാത്ത മുഴുവൻ സംഘങ്ങളുടെയും നിയമനം പി.എസ്.സി.ക്ക് വിടുന്നതിനെ സംബന്ധിച്ച് ആലോചിക്കാമോ ; പല ബാങ്കുകളിലും എക്സസ് ജീവനക്കാരുണ്ട്. പൊതുമേഖല സ്ഥാപനങ്ങൾക്ക് ഉണ്ടായ അപകടംതന്നെ സഹകരണ മേഖലയ്ക്കും ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്. ഇത് അവസാനിപ്പിക്കുവാൻ മുൻകരുതൽ എന്ന നിലയിൽ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വി. രാഘവൻ : പ്രാഥമിക ബാങ്കുകളെ സംബന്ധിച്ച് പി.എസ്.സി.ക്ക് വിടുന്നതിന് ഇപ്പോൾ ഗവൺമെന്റ് അനുകൂലമല്ല. കാരണം, ഇപ്പോൾതന്നെ പരീക്ഷാ ബോർഡ് ഉണ്ട്. അവർ ടെസ്റ്റ് നടത്തുന്നുണ്ട്. ടെസ്റ്റ് നടത്തി ലിസ്റ്റ് അയച്ചുകൊടുക്കാറുണ്ട്. പ്രാദേശിക ആളുകളെ ഏറ്റെടുക്കുവാൻ താല്പര്യമാണ്. അവർക്ക് ബോർഡ് 20 മാർക്ക് നീക്കി വച്ചിട്ടുണ്ട്.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ജില്ലാ സഹകരണ ബാങ്കിലെ നിയമനം പി.എസ്.സി. ആണ് നടത്തുന്നതെന്ന് വിശദീകരിച്ചു. തിരുവനന്തപുരം ജില്ലയിൽ സഹകരണ ബാങ്കിൽ അനർഹമായി ഒരാളെ നിയമിച്ചു. ഇതു സംബന്ധിച്ച് പരാതി പറഞ്ഞപ്പോൾ പരാതി പരിശോധിച്ചതും തീരുമാനം എടുത്തതും നിയമനം സംബന്ധിച്ച് ആരോപണം വന്ന യുവതിയുടെ ഭർത്താവാണ്. അദ്ദേഹം സഹകരണ ഡിപ്പാർട്ടുമെന്റിലെ ഉന്നത ഉദ്യോഗസ്ഥനാണ്. ഒന്നര വർഷക്കാലം സഹകരണ വകുപ്പിന്റെ രജിസ്ട്രാറായി വർക്കുചെയ്തിട്ടുണ്ട്. ഇപ്പോൾ സംസ്ഥാന സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറിയാണ്. ഭാര്യയെ സംബന്ധിച്ച പരാതിയിൽ തീർപ്പുകല്പിച്ചത് ഭർത്താവാണ്. ഇതു ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ ഇതു അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വി. രാഘവൻ : മെമ്പർ എഴുതി തന്നാൽ നിയമം പ്രകാരമുള്ളതാണോയെന്ന് പരിശോധിക്കാം.

ശ്രീ. എം. എ. വാഹീദ് : സർ, സ്വകാര്യ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിനു മുമ്പും സഹകരണ നിയമന ബോർഡിന് വിടുന്നതിനു മുമ്പും ചില സഹകരണ സംഘങ്ങൾ നടത്തിയ നിയമനങ്ങൾ സംബന്ധിച്ച് ഇപ്പോൾ ഹൈക്കോടതിയിൽ കേസ്സുണ്ട്. ഏഴു വർഷമായി കേസു നടത്തുന്ന തൊഴിൽരഹിതരായ വിദ്യാസമ്പന്നരായ ചെറുപ്പക്കാർ ഇപ്പോഴും കേസ്സുമായി മുന്നോട്ടുപോവുകയാണ്. അത്തരം കേസ്സുകളിൽ സർക്കാർ എന്തു നിലപാടാണ് സ്വീകരിക്കുന്നത് ; കോടതി നിർദ്ദേശം പാലിക്കാത്ത സഹകരണ സംഘങ്ങളുടെ പേരിൽ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

Mr. Speaker : You are permitted to ask only one question.

ശ്രീ. എം. വി. രാഘവൻ : കോടതി പറഞ്ഞ കാര്യത്തിൽ നടപടി സ്വീകരിക്കാതിരിക്കുവാൻ നിർവ്വാഹമുണ്ടോ ?

ശ്രീ. പി. ജയരാജൻ : സർ, ക്രമവിരുദ്ധമായ നിയമനങ്ങളെപ്പറ്റി പരിശോധിക്കുമെന്നാണ് മന്ത്രി ഇവിടെ പറഞ്ഞത്. സഹകരണ വകുപ്പിലെ രജിസ്ട്രാർ ഓഫീസിൽ എഡിറ്റർ കം പ്രസ്സ് റിലേഷൻ ഓഫീസർ എന്ന പോസ്റ്റിൽ ജീവനക്കാരിൽനിന്നാണ് നിയമനം നടത്തേണ്ടത്. അവിടെ രാഷ്ട്രീയ നിയമനം നടത്തിയിരിക്കുകയാണ്. ഇതു സംബന്ധിച്ച പരാതിയുണ്ട്. അതുകൊണ്ട് ക്രമവിരുദ്ധമായിട്ടുള്ള നിയമനമാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുമോ ?

ശ്രീ. എം. വി. രാഘവൻ : പരാതി തന്നാൽ പരിശോധിക്കാം.

ശ്രീ. കെ. കെ. ഷാജു : സർ, ജില്ലാ സഹകരണ ബാങ്കിലെ നിയമനം പി.എസ്.സി.ക്ക് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോഴാണ്. ആ തീരുമാനം എടുത്ത ശേഷം പിന്നീട് അധികാരത്തിൽ വന്ന എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽ 83 ആളുകളെ പിൻവാതിലിലൂടെ നിയമിച്ചിട്ടുണ്ട്. അതിന് എതിരെ സമരം നടന്നു. എന്നെ ആ സമരത്തിൽ പ്രതിയാക്കി കേസ് എടുത്തിട്ടുണ്ട്. അതിനെ തുടർന്ന് തെരഞ്ഞെടുപ്പിൽ പ്രശ്നമുണ്ടായി. ആ 83 ആളുകളിൽ ലോക്കൽ കമ്മിറ്റി മെമ്പർമാരുടെ ഭാര്യമാരുണ്ട്, ഏരിയാ കമ്മിറ്റി മെമ്പർമാരുടെ അനുജത്തിമാരുണ്ട്, ജില്ലാ സെക്രട്ടറിയുടെ അനന്തരവനുണ്ട്. അത്തരം നിയമനങ്ങൾ ക്യാൻസൽ ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വി. രാഘവൻ : അതു പരിശോധിക്കാം. ഇപ്പോൾ പറയുവാൻ പറ്റില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, നിയമവിരുദ്ധ നിയമനങ്ങൾ തടയുമെന്നാണ് ഇവിടെ അങ്ങ് പറഞ്ഞത്. ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ ജനറൽ മാനേജറുടെ നിയമനവുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങൾ മറികടന്നും സീനിയോറിറ്റി മറികടന്നും ഹൈക്കോടതി നിർദ്ദേശങ്ങളെയും മറികടന്നുകൊണ്ടുള്ള നിയമനം നടത്തിയിരിക്കുകയാണെന്നുള്ള ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതു സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എം. വി. രാഘവൻ : ഗവൺമെന്റിന് അതു സംബന്ധിച്ച് ആക്ഷേപം കിട്ടിയിട്ടില്ല. മെമ്പർ എഴുതി തരികയാണെങ്കിൽ പരിശോധിക്കാം.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, പ്രാഥമിക സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ സെലക്ഷൻ ബോർഡിന് നൽകി. ഇപ്പോൾ പലയിടങ്ങളിലും പ്രാഥമിക സംഘങ്ങൾക്ക് നൽകാനുള്ള 20 ശതമാനം മാർക്ക് റിക്രൂട്ടമെന്റ് ബോർഡിന്റെ മാർക്കുകൂടി മുൻകൂട്ടി അറിഞ്ഞ് അവർക്ക് ഇഷ്ടമുള്ളവരെ നിയമിക്കുവാൻ പര്യാപ്തമായ സാഹചര്യമുണ്ടെന്ന് മനസ്സിലാക്കുന്നു. അതു ഒഴിവാക്കുവാൻവേണ്ടി നിലവിലുള്ള റിക്രൂട്ട്മെന്റ് ബോർഡിനെ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാക്കാനും നിയമനം കൂടുതൽ സുതാര്യമാക്കാനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വി. രാഘവൻ : ഇത് പ്രാദേശിക സ്ഥാപനങ്ങളിലെ നിയമനങ്ങളാണ്. ആ പ്രദേശത്തിന്റെ ഇന്റെറസ്റ്റ് പലതാകുന്നു. അതു കൊണ്ടാണ് അവർക്ക് 20 മാർക്ക് കൊടുത്തത്.

ശ്രീ. സാജു പോൾ : സർ, സഹകരണ സ്ഥാപനങ്ങൾ കുറ്റമറ്റതാക്കാൻ നിശ്ചയമായും നടപടി സ്വീകരിക്കുന്നതാണെന്ന് പറഞ്ഞു. അതോടൊപ്പം വ്യവസ്ഥാപിതമായ എല്ലാ നടപടിക്രമങ്ങളും പാലിക്കപ്പെട്ട നിയമനം ലഭിച്ചവരെ നിലനിർത്തുകയും ചെയ്യണം. എറണാകുളം സഹകരണ മെഡിക്കൽ കോളേജിലെ അറ്റൻഡർമാരെ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് നിയമിക്കപ്പെട്ടവരെ പിരിച്ചുവിടൽ സംബന്ധിച്ച് കാരണം കാണിക്കൽ നോട്ടീസ് കൊടുത്തിരിക്കുകയാണ്. ദയവായി അവരുടെ ജോലി നിലനിർത്തിക്കൊടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വി. രാഘവൻ : അങ്ങനെ ഒരു പരാതി കിട്ടിയിട്ടില്ല. കിട്ടിയാൽ അന്വേഷിക്കാം. ഇതൊക്കെ താല്ക്കാലിക നിയമനമാണ്.

ശ്രീ. എം. വി. ജയരാജൻ : സർ, സംസ്ഥാന സഹകരണ ബാങ്ക് നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടതാണ്. ഇത് സംബന്ധിച്ച് 2001 ഒക്ടോബർ മാസം മോഡൽ സബ് റൂൾ ഉണ്ടാക്കി. അത് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് അംഗീകരിച്ച് പി.എസ്.സി.ക്ക് നൽകുകയും പി.എസ്.സി. അത് അപ്രൂവ് ചെയ്യുകയും ചെയ്തു. അതിലെ പ്യൂൺ, അറ്റൻഡർ, ഹയർ പോസ്റ്റ് ഒക്കെ തന്നെ പി.എസ്.സി.ക്ക് വിട്ടതാണ്. 5-4-2003-ൽ ഷെഡ്യൂൾ ബാങ്കിലേക്ക്

നിയമനം എന്നുപറഞ്ഞുകൊണ്ട് മാതൃഭൂമി പത്രത്തിൽ പരസ്യപ്പെടുത്തിയത്, പ്യൂൺ-അറ്റൻഡർ, അറ്റൻഡർ-പ്യൂൺ എന്നുപറഞ്ഞിട്ടാണ്. ഇതു തമ്മിൽ എന്താണ് വ്യത്യാസം? പ്യൂൺ, അറ്റന്റർ എന്നീ തസ്തികകളൊക്കെ പി.എസ്.സി.യുടെ നിയമന പരിധിയിൽ വരുന്നതായതിനാൽ പ്യൂൺ-അറ്റൻഡർ എന്ന പേര് പുനർ നാമകരണം നടത്തിയിട്ട് നിയമനം നടത്താൻവേണ്ടി രജിസ്ട്രാർ അനുമതി നൽകിയത് ചട്ടവിരുദ്ധമല്ലേ; പി.എസ്.സി.യുടെ തന്നെ നിയമത്തിന് എതിരല്ലേ? സർക്കാരിന്റെ മാനദണ്ഡത്തിന് എതിരല്ലേ; ഈ കള്ളക്കളി അവസാനിപ്പിക്കുവാൻ ഗവൺമെന്റ് ഇടപെടുമോ?

ശ്രീ. എം. വി. രാഘവൻ : പ്യൂൺ-അറ്റൻഡർ എന്നുള്ള പോസ്റ്റ് അവർ കാണിച്ചിട്ടുണ്ട്. അത് മെമ്പർ എഴുതി തന്നാൽ പരിശോധിക്കാം.

മി. സ്പീക്കർ : അച്ചടിച്ച ലിസ്റ്റിലുള്ളവർക്ക് പുറമേ 18 പേർ ചോദ്യം ചോദിച്ചു, എന്നിട്ടും 20 മിനിട്ട് ആയില്ല. So the credit goes to the Minister also.

## തൊഴിൽ നഷ്ടപ്പെടുന്നവർക്കുള്ള ആശ്വാസ നടപടികൾ

2 (*242) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. വി. കെ. ചന്ദ്രൻ
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിൽ നഷ്ടപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് തൊഴിൽ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) തൊഴിൽ നഷ്ടപ്പെടുന്നവരുടെ കുടുംബത്തെ സംരക്ഷിക്കാൻ എന്ത് ആശ്വാസ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) തൊഴിൽ നഷ്ടപ്പെട്ടവരെ സംബന്ധിച്ച കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കാമോ;

(ഇ) കേരളത്തിലെ പൊതുമേഖലയിൽ മാത്രം തൊഴിൽ നഷ്ടപ്പെട്ടവർ എത്രയെന്ന് അറിയിക്കുമോ;

(എഫ്) പത്താം പദ്ധതിക്കാലത്ത് പുതിയ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യം വച്ചിട്ടുള്ളത് എന്നും ഇതിനകം എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നും വെളിപ്പെടുത്തുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ,

(എ) സംസ്ഥാനത്ത് തൊഴിൽ നഷ്ടപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദമായ പഠനം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം I

**[26-6-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1 (*241) കാണുക]**

1. കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം തിരുവനന്തപുരം.
2. കേരള സംസ്ഥാന സഹകരണ അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് ക്ലിപ്തം തിരുവനന്തപുരം.
3. കേരള സംസ്ഥാന സഹകരണ പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷൻ തിരുവനന്തപുരം.
4. കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ ക്ലിപ്തം നമ്പർ 4330 എറണാകുളം.
5. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ക്ലിപ്തം.
6. കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ ക്ലിപ്തം.
7. കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ക്ലിപ്തം
8. കേരള കേര കർഷക സഹകരണ ക്ലിപ്തം നമ്പർ 4370.
9. കേരള സംസ്ഥാന സഹകരണ മത്സ്യ വിപണന ഫെഡറേഷൻ ക്ലിപ്തം.
10. കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ ക്ലിപ്തം.
11. കേരള സംസ്ഥാന കാഷ്യൂ വർക്കേഴ്സ് അപ്പക്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘം ക്ലിപ്തം (ഇൻഡ് (എസ്.റ്റി.) കൊല്ലം)
12. കേരള സംസ്ഥാന ഹാൻഡ്ലൂം വീവേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ എച്ച് 232 തിരുവനന്തപുരം.
13. കേരള സംസ്ഥാന ഹാൻഡി ക്രാഫ്റ്റ്സ് അപ്പക്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ എച്ച് 231 എറണാകുളം.
14. കേരള സംസ്ഥാന സഹകരണ കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ക്ലിപ്തം, ആലപ്പുഴ.
15. കേരള സംസ്ഥാന സഹകരണ ടെക്സ്റ്റൈൽ ഫെഡറേഷൻ ക്ലിപ്തം. നം.ഐ.എൻ.ഡി.എം.റ്റി. (എസ്.റ്റി.).
16. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4312.
17. കൊല്ലം ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4311.
18. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4365.
19. ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4310.
20. കോട്ടയം ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4309.
21. ഇടുക്കി ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4334.
22. എറണാകുളം ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4325.
23. തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 60.

LIBRARY ARCHIVES Kerala Legislative Assembly

24. പാലക്കാട് ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി. 521.

25. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4329.

26. കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 1635.

27. വയനാട് ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4357.

28. കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 266.

29. കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4367.

## അനുബന്ധം II

[26-6-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 19 (*259) കാണുക]

SECTORWISE OF PROJECTS PROPOSED BY NRKs

1. List of Valid MoUs signed by NRKs in GIM/and with KSIDC

| Sl. No. | Name of the Project | Name of the Party | Investment (Rs. Crs.) | Sector |
|---|---|---|---|---|
| 1. | Sea Sand Mining Project At different locations in Kerala (Subject to environmental Study to conducted) | Mr. Sujathan of Crown Maritime India Ltd. Mumbai | 180 | Mineral |
| 2. | Wedding Centres at Angamaly, Kottayam, Trivandrum, Trissur, Kollam, Thodupuzha and Kochi-Onestop for wedding items | Mr. Joy Alukas of Alukkas Group | 400 | Service |
| 3. | Oceanarium at Kovalam | Galfar Group | 20 | Tourism |
| 4. | Amusement Park & Rope Way at Veli, Trivandrum, Resort Project at Thenmala and Family Entertainment Centre at Kochi | SFC Group, Abudabi | 105 | Tourism |
| 5. | Market Complex Vadakara Sharjah | Holiday Group, | 5 | Service |

LIBRARY ARCHIVES Kerala Legislative Assembly